"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ -ജീവനക്കാര്യം- ശ്രീമതി. ഉഷാകുമാരി പി, പാർട്ട് ടൈം സ്വീപ്പർന്റെ പ്രത്യേക അവശതാ അവധി (Special Disability Leave) ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.212/2024/WCDD തീയതി,തിരുവനന്തപുരം, 21-06-2024

---

പരാമർശം:-

1. സ.ഉ(പി)നം. 3/2019/ഉഭപവ, തീയതി. 11/06/2019
2. സ. ഉ(സാധാ)നം. 624/2023/വശിവിവ, തീയതി. 06/12/2023
3. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ 29/12/2023, 08/04/2024 തീയതികളിലെ എ3/126/2011/കേവക നമ്പർ കത്തുകൾ

**ഉത്തരവ്**

കേരള വനിതാ കമ്മീഷനിലെ സ്ഥിരം പാർട്ട് ടൈം സ്വീപ്പർ ആയ ശ്രീമതി. ഉഷാകുമാരി പി-യ്ക്ക് 13/09/2023-ൽ കൃത്യനിർവഹണത്തിനിടെ ഉണ്ടായ അപകടത്തേത്തുടർന്ന് കഴുത്തെല്ലിന് ക്ഷതമേറ്റതിനാൽ കുറഞ്ഞത് 2 മാസമെങ്കിലും ബെഡ് റെസ്റ്റ് വേണമെന്ന ഡോക്ടറുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ അപേക്ഷ പരിഗണിച്ച് കെ. എസ്. ആർ പാർട്ട് I-ലെ ചട്ടം 97, 98 എന്നിവയുടെയും പരാമർശം (1)-ന്റെയും അടിസ്ഥാനത്തിൽ 13/09/2023 മുതൽ 13/11/2023 വരെ പ്രത്യേക അവശതാ അവധി അനുവദിച്ചുകൊണ്ട് പരാമർശം (2) പുറപ്പെടുവിച്ചിരുന്നു.

2. പിന്നീട് ശ്രീമതി. ഉഷാകുമാരി പി-യ്ക്ക് ജോലി ചെയ്യാനുള്ള ശാരീരികക്ഷമത ആയിട്ടില്ലാത്തതിനാൽ ഡോക്ടർ മൂന്ന് മാസത്തേക്ക് കൂടി ചികിത്സയും വിശ്രമവും നിർദേശിച്ചിട്ടുള്ളതും ശ്രീമതി. ഉഷാകുമാരി ലീവപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുള്ളതും ആണെന്ന് പരാമർശം (3)-ലെ 29/12/2023ലെ കത്ത് പ്രകാരം കമ്മീഷൻ മെമ്പർ സെക്രട്ടറി അറിയിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ, ശ്രീമതി. ഉഷാകുമാരിയ്ക്ക് തുടർന്നുള്ള 3 മാസത്തേക്കു കൂടി (14/11/2023 മുതൽ 13/02/2024 വരെ) 11/06/2019 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പളത്തോടുകൂടിയ പ്രത്യേക അവശതാവധി (റൂൾ-97) അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മെമ്പർ സെക്രട്ടറി അഭ്യർത്ഥിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ പിന്നീട്, ശ്രീമതി. ഉഷാകുമാരിയുടെ ആരോഗ്യസ്ഥിതി മെച്ചപ്പെട്ടുവെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയതിനെത്തുടർന്ന് 01/02/2024 മുതൽ

ശ്രീമതി. ഉഷാകുമാരി തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും 01/02/2024 മുതൽ 13/02/2024 വരെയുള്ള അവധി റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷയും മെഡിക്കൽ/ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുള്ളതുമായ സാഹചര്യത്തിൽ, ശ്രീമതി. ഉഷാകുമാരി പി- ടെ 01/02/2024 മുതൽ 13/02/2024 വരെയുള്ള അവധി റദ്ദ് ചെയ്യണമെന്ന പരാമർശം (3)-ലെ 08/04/2024ലെ കത്ത് പ്രകാരം മെമ്പർ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ യാദൃശ്ചികമായി സംഭവിക്കുന്ന അപകടങ്ങൾ മൂലമുണ്ടാകുന്ന അവശതയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചത് എന്നത് സംബന്ധിച്ച് മേലധികാരി നൽകുന്ന സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ പരമാവധി 119 ദിവസത്തേക്ക് കെ. എസ്. ആർ, ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി റഗുലർ ജീവനക്കാർക്ക് (സർക്കാർ തലത്തിൽ) അനുവദനീയമാണ്. പരാമർശം (1) പ്രകാരം ഈ ആനുകൂല്യം പാർട്ട് ടൈം ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, പരാമർശം (2) പ്രകാരം ശ്രീമതി. ഉഷാകുമാരി പിയ്ക്ക് 13/09/2023 മുതൽ 13/11/2023 വരെ 62 ദിവസത്തേയ്ക്ക് അനുവദിച്ച പ്രത്യേക അവശതാ അവധി ചട്ടപ്രകാരം അനുവദനീയമായ പരമാവധി പ്രത്യേക അവശതാ അവധി കാലയളവായ 119 ദിവസം തികയുന്ന 09/01/2024 വരെ ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി. ഉഷാകുമാരി പി, പാർട്ട് ടൈം സ്വീപ്പർ, കേരള വനിതാ കമ്മീഷൻ (മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖാന്തിരം)

വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 21-06-2024 14:58:13